"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - വയനാട് ജില്ലയിലെ തിരുനെല്ലി ഗ്രാമപഞ്ചായത്തിൽ കുടിവെള്ള ക്ഷാമം രൂക്ഷമായ വാർഡുകളിൽ കുടിവെള്ളം വിതരണം നടത്തിയതിൽ കരാറുകാരന് നല്കാനുള്ള തുക തനത് ഫണ്ടിൽ നിന്നും നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

G.O.(Rt) No.1187/2022/LSGD തീയതി,തിരുവനന്തപുരം, 10-05-2022

---

പരാമർശം:- 1. 02.03.2019 ലെ സ.ഉ(സാധാ)നം. 500/2019/ത.സ്വ.ഭ.വ.

2. പഞ്ചായത്ത് ഡയറക്ടറുടെ 16/12/2019, 30/08/2021 എന്നീ തീയതികളിലെ ലെ PAN/14007/2019-G1(DP) നമ്പർ കത്തുകൾ.

**ഉത്തരവ്**

വയനാട് ജില്ലയിലെ തിരുനെല്ലി ഗ്രാമപഞ്ചായത്തിൽ അതിരൂക്ഷമായ വരൾച്ച കാരണം ജി.പി.എസ് ഘടിപ്പിച്ച വാഹനത്തിൽ കുടിവെള്ള വിതരണം നടത്തിയതിൽ 20,83,782/- രൂപ കരാറുകാരന് നൽകാനുണ്ടായിരുന്നുവെന്നും പരാമർശം (1)ലെ ഉത്തരവ് പ്രകാരം 13,98,000/- രൂപ ഇതുവരെ കരാറുകാരന് അനുവദിച്ചിട്ടുണ്ടെന്നും അധികമായി ചെലവഴിച്ച ബാക്കി 6,85,782/- രൂപ തനത് ഫണ്ടിൽ നിന്നും നൽകുന്നതിനുള്ള തിരുനെല്ലി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ അപേക്ഷ പഞ്ചായത്ത് ഡയറക്ടർ ശിപാർശ ചെയ്ത് സമർപ്പിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തിരുനെല്ലി ഗ്രാമപഞ്ചായത്തിൽ കുടിവെള്ള വിതരണം നടത്തിയ വകയിൽ അധികമായി ചെലവഴിച്ച 6,85,782/- രൂപയിൽ ബഹു.ജില്ലാ കളക്ടറുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിച്ച 1,25,000/- രൂപ കിഴിച്ച് ബാക്കി 5,60,782/-രൂപ (അഞ്ച് ലക്ഷത്തി അറുപതിനായിരത്തി എഴുന്നൂറ്റി എൺപത്തി രണ്ട് രൂപ മാത്രം) ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
R S KANNAN
SPECIAL SECRETARY

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം .

പ്രസിഡന്റ്/സെക്രട്ടറി, തിരുനെല്ലി ഗ്രാമപഞ്ചായത്ത്.

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എൽ.ബി.എ&എ) കേരള, തിരുവനന്തപുരം.

ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ തിരുവനന്തപുരം (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

**Signed by Shemim Khan S H**
**Date: 20-05-2022 10:23:18**
സെക്ഷൻ ഓഫീസർ

പകർപ്പ്:-ബഹു. മുഖ്യമന്ത്രിയുടെ പി.എസ്സിന്.

ബഹു.തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി.എ.